ഹൈസ്കൂൾ

കൂട
കളികൾ

# പ്രവർത്തനം 5

## ചതുരംഗം




ഒരു ചെസ്ബോർഡ് എടുത്ത് ചിത്രത്തിൽ കാണുന്ന പോലെ കാലാളുകളെ സജ്ജീകരിക്കുക. (ചെസ് ബോർഡ് ഇല്ലെങ്കിലും കുഴപ്പമില്ല. ഒരു കട്ടിക്കടലാ

ഈ പ്രവർത്തനത്തിന്റെ
വീഡിയോ വിശദീകരണം കാണാം



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം



ഹൈസ്കൂൾ

# പ്രവർത്തനം 5



## കൂട
കളികൾ





സിൽ 64 ചതുരങ്ങൾ വരച്ച് കറുപ്പും വെള്ളയും ചിത്രത്തിൽ കാണുന്ന പോലെ മാർക്ക് ചെയ്താലും മതി. കാലാളുകൾക്ക് പകരം നാണയങ്ങൾ ആയാലും മതി. ഉദാഹരണത്തിനു വെള്ള കാലാളിന് പകരം ഒരു രൂപ നാണയങ്ങളും കറുപ്പ് കാലാളിന് പകരം രണ്ട് രൂപാ നാണയങ്ങളും വെക്കാം.) ഓരോ കാലാളിനും ആദ്യത്തെ നീക്കത്തിൽ മാത്രം വേണമെങ്കിൽ രണ്ട് കളം മുന്നോട്ട് നീങ്ങാം. ഒരിക്കലും പുറകോട്ട് നീങ്ങാൻ പാടില്ല. പിന്നീടുള്ള ഓരോ നീക്കത്തിലും ഒരു കളം മാത്രമേ നീങ്ങാവൂ.. കാലാളുകൾ സാധാരണ നീങ്ങുന്നത് മുന്നോട്ടാണെങ്കിലും കോണോട്ട കോണായ (Diagonal) ആയ കളത്തിൽ എതിരാളിയുടെ കാലാൾ ഉണ്ടെങ്കിൽ അതിനെ വെട്ടിയെടുത്ത് അങ്ങോട്ട് നീങ്ങാവുന്നതാണ്. ഇനി നിങ്ങൾ ശ്രമിക്കേണ്ടത് ഇത്ര മാത്രമാ



അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം

ഹൈസ്കൂൾ

കൂട
കളികൾ



# പ്രവർത്തനം 5

ണ് – എത്ര കാലാളുകളെ എതിരാളിയുടെ കാലാളുകളെ കടത്തി ബോർഡിന്റെ അവസാന കളത്തിൽ എത്തിക്കാൻ കഴിയും? ഏറ്റവും കൂടുതൽ കാലാളുകളെ എത്തിക്കുന്ന ആൾ വിജയിക്കും. വെള്ള കാലാളുകൾക്കാണ ആദ്യ നീക്കം. നിങ്ങൾ വെള്ള എടുത്തും കറുപ്പ് എടുത്തും മാറി മാറി കളിച്ചു നോക്കണം. ആദ്യ നീക്കം ഏത് കാലാളും ആവാം. ഒന്ന് കളിച്ച് നോക്കിയാലോ? കളിയുടെ ഒരു അനുഭവ വിവരണം എഴുതി സൂക്ഷിക്കുമല്ലോ.



അറിയാം
നിറയാം
ഉയരാം
യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം